(16) തത്തനംപള്ളി, ആനക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, പട്ടാമ്പി മണ്ഡലത്തിൽ പണി പൂർത്തിയാകാത്തതും കമ്മീഷൻ ചെയ്യാത്തതുമായ രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. ഒന്ന് ആനക്കൽ, മറ്റൊന്ന് തത്തനംപള്ളി. അതിന്റെ വിശദാംശങ്ങൾ മന്ത്രിക്ക് അറിയാമെന്നുള്ളതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഇതിന്റെ പണി ആരംഭിച്ചിട്ട് ഏറെ വർഷങ്ങളായി. ബഹുമാനപ്പെട്ട മന്ത്രി എല്ലാ ജില്ലാതല യോഗങ്ങളിലും പറയാറുള്ള ഒരു പതിവ് പല്ലവിയാണ് അടുത്ത മാസം കമ്മീഷൻ ചെയ്യും എന്ന്. അങ്ങനെ ഞാൻ കേൾക്കാൻ തുടങ്ങിയിട്ട് 4 വർഷമായി. അത് കമ്മീഷൻ ചെയ്യുന്നതിന് എന്താണ് ഇനി തടസ്സം, എന്ന് ചെയ്യാൻ കഴിയും എന്ന് ഇന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ലക്ഷങ്ങൾ മുടക്കി കമ്മീഷൻ ചെയ്ത രണ്ട് വർക്കുണ്ട്. ഒന്ന് തുടിക്കല്ലും, മറ്റൊന്ന് നെടുംകയവും. അവിടെ കമ്മീഷൻ ചെയ്ത 3 മോട്ടോർവീതമുള്ളത് പ്രവർത്തിക്കുന്നില്ല. ഫലത്തിൽ കമ്മീഷൻ ചെയ്തതുകൊണ്ട് ഞങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല. അങ്ങനെ കമ്മീഷൻ ചെയ്തതും രണ്ടെണ്ണം കമ്മീഷൻ ചെയ്യാനുള്ളതും ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുക എന്ന കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കും ? എപ്പോൾ ജനങ്ങൾക്ക് അനുവേദ്യമാക്കാൻ കഴിയും എന്ന പ്രശ്നത്തിൽ ഒരു വ്യക്തത വേണം. കുടിവെള്ളത്തിന്റെ പ്രശ്നം അതിവിടെ എല്ലാവരും അവതരിപ്പിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഈയിടയ്ക്ക് 14 കടകൾ ഒന്നിച്ച് കത്തി നശിച്ചു. മുനിസിപ്പാലിറ്റിയിലെ മാർക്കറ്റിലാണ് സംഭവം. പട്ടണത്തിലൊട്ടാകെ വെള്ളം വിതരണം ചെയ്യുന്ന പമ്പുഹൗസ് സ്ഥിതിചെയ്യുന്നത് ഈ മാർക്കറ്റിൽ ആയിരുന്നു. അത് കത്തിപ്പോയി. അതുകൊണ്ട് പട്ടണപ്രദേശങ്ങളിൽ ഒരുതുള്ളി വെള്ളം കിട്ടാൻ ഇപ്പോൾ വലിയ പ്രയാസമാണ്. അടിയന്തിരമായി ഇത് പുനഃസംവിധാനം ചെയ്ത് ആ മേഖലകളിൽ വെള്ളം കിട്ടാനുള്ള നടപടി ഉണ്ടാക്കണം. അതുപോലെ തന്നെ 4 വാർഡുകളിൽ വെള്ളം കൊടുത്തിരുന്ന വല്ലാർപ്പുഴ പഞ്ചായത്തിലെ കുറുവട്ടൂർ പമ്പ്ഹൗസ് പ്രവർത്തിക്കുന്നില്ല എന്നാണ് വാട്ടർ അതോറിറ്റി പറയുന്നത്. ഈ രണ്ട് മേഖലകളെയും അടിയന്തിരമായി പുനർ സംവിധാനം ചെയ്യണം. മൈനർ ഇറിഗേഷൻ പദ്ധതികൾ അടിയന്തിരമായി കമ്മീഷൻ ചെയ്യണം. ഈ കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകുകയും അതിനെ സംബന്ധിച്ച് ഇന്ന് ഉറപ്പു നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ശ്രീ. കെ. ഇ. ഇസ്മയിലിന്റെ നിയോജകമണ്ഡലത്തിൽ വർഷങ്ങളായി മുടങ്ങിക്കിടന്ന രണ്ടു പദ്ധതികളാണ് തുടിക്കല്ലും നെടുങ്കയവും. ഇത് വളരെ ശ്രമകരമായ ജോലി നടത്തിയാണ് കമ്മീഷൻ ചെയ്തതെന്ന് ശ്രീ. ഇസ്മയിലിനുതന്നെ അറിയാം. അത് നടന്നില്ല എന്നു പറയുന്നത് ശരിയല്ല. അത് കമ്മീഷൻ ചെയ്തതിനു ശേഷം മോട്ടോർ കേടായി. അത് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. തത്തനംപള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പണികളെല്ലാം പൂർത്തിയായി. അതിന് ഇലക്ട്രിക്കൽ കണക്ഷൻ കിട്ടേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽനിന്നും അതിൻെറ കണക്ഷൻ ലഭിക്കും എന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന സൂചന. അതുപോലെതന്നെ ആനക്കൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനെ സംബന്ധിച്ചിടത്തോളം അതിൻെറ ഇലക്ട്രിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായിക്കഴിഞ്ഞാലുടനെ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും. പാലക്കാട് ജില്ലയിൽ പണികഴിച്ചു നടന്നുകൊണ്ടിരിക്കുന്ന ഒരു സ്കീമാണിത്. മറെറാന്ന് ഷൊർണ്ണൂരിൽ ഇപ്പോഴും ഉണ്ടായിരിക്കുന്ന ശുദ്ധജല ക്ഷാമത്തെ സംബന്ധിച്ചാണ്. ഇവിടത്തെ മാർക്കറ്റിലെ പമ്പ്ഹൗസ് കത്തിയതിനെ തുടർന്നാണ് ഇപ്പോഴും ഈ പ്രശ്നം ഉണ്ടായത്. തീ പിടിത്തം ഉണ്ടായതിനുശേഷം അത് റിപ്പയർ ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കഴിയുന്നതുംവേഗം അത് പുനഃസ്ഥാപിക്കുന്നതാണ്. ഇന്നാണ് ശ്രീ. ഇസ്മയിൽ എൻെറ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നത്. ഇന്നുതന്നെ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും നൽകുകയും ചെയ്യാം.

(17) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജനങ്ങളും കുടിവെള്ളം ലഭിക്കാതെ വിഷമിക്കുകയാണ്. പമ്പിംഗ് നടക്കാത്തതുമൂലം കാർളം-പടിയൂർ ശുദ്ധജല വിതരണ പദ്ധതിയിൽനിന്നും നാല് മാസമായി പടിയൂർ പഞ്ചായത്തിൽ കുടിവെള്ളം കിട്ടുന്നില്ല. ഈ പ്രദേശത്തെ കിണറുകളിൽ മുഴുവൻ ഉപ്പുവെള്ളമാണ്. നാലും അഞ്ചും കിലോമീറ്റർ ദൂരം നടന്ന് കുടങ്ങളിൽ തലച്ചുമടായിട്ടാണ് സ്ത്രീകളും കുടിവെള്ളം കൊണ്ടുവരുന്നത്. ദിവസേന വെള്ളം ചുമന്ന് സ്ത്രീകളുടെ തലയിലെ മുടിപോലും കൊഴിഞ്ഞുപോയിരിക്കുകയാണ്. അവർ സർക്കാരിനെ ശപിക്കുകയാണ്. കരുവന്നൂർ പുഴയിൽ നിറയെ വെള്ളം ഉണ്ടായിട്ടും ഇരിഞ്ഞാലക്കുട ശുദ്ധജലവിതരണ പദ്ധതിയിൽ പമ്പിംഗ് നടക്കാത്തതുകൊണ്ട് ഇരിങ്ങാലക്കുട പട്ടണത്തിലും പരിസര പഞ്ചായത്തുകളിലും കുടിവെള്ളം കിട്ടുന്നില്ല. ഇരിങ്ങാലക്കുട വാട്ടർ സപ്ലൈ ഓഗ്മെൻേറഷൻ സ്കീമിൻെറ നിർമ്മാണം ഉടനെ പൂർത്തിയാക്കി അടിയന്തിരമായി ശുദ്ധജലം വിതരണം നടത്തണം.

ശുദ്ധജലവിതരണ പദ്ധതികളെയെല്ലാം ലോഡ്ഷെഡിംഗിൽ നിന്നും പവർകട്ടിൽനിന്നും ഒഴിവാക്കണം. വെള്ളം കിട്ടാത്ത വേളൂക്കര പഞ്ചായത്തിനെ ഇരിങ്ങാലക്കുട പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തണം. ജനങ്ങൾക്ക് ഉടനെ കുടിവെള്ളം നൽകണം. ഇവിടെ വെള്ളം കിട്ടാതെ കൃഷിയും ഉണങ്ങി നശിച്ചുകൊണ്ടിരിക്കുകയാണ്. റോമാ നഗരം കത്തിയെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിച്ച് രസിച്ചതുപോലെയാണ് കേരളം കത്തിയെരിയുമ്പോൾ മന്ത്രി ശ്രീ. ജേക്കബ് നാടുനീളെ പ്രസംഗിച്ച് നടക്കുന്നത്. ടി.വി.യിലും പത്രങ്ങളിലും നിറയെ വെള്ളമുണ്ടെങ്കിലും ജനങ്ങൾ കുടിവെള്ളം കിട്ടാതെ കഷ്ടപ്പെടുകയാണ്. ഇതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2/80/97/V.

LIBRARY ARCHIVES Kerala Legislative Assembly